LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

214 (4284) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ വർഷം എത്ര രൂപ ലാഭമുണ്ടാക്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിൽ 10 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളത്. അവ കേരള പ്ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, ട്രിവാൻഡ്രം റബ്ബർ വർക്സ് എന്നിവയാണ്. ഇവയിൽ കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനും ട്രിവാൻഡ്രം റബ്ബർ വർക്സും മുമ്പുതന്നെ പ്രവർത്തനരഹിതമാണ്.

ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമ്പനിയുടെ ഏരൂർ എസ്റ്റേറ്റിൽ 1.2 മെട്രിക് ടൺ ഉൽപ്പാദന ശേഷിയുള്ള ഒരു കെർണൽ പ്ലാന്റ് ഏകദേശം മൂന്നുകോടി രൂപ മുതൽ മുടക്കി സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ പ്രവർത്തനം 2010 ഫെബ്രുവരി 8-ാം തീയതി ആരംഭിച്ചു.

കൂടാതെ കോട്ടയം ജില്ലയിലെ വൈക്കത്തെ വെച്ചൂരിൽ കേരള സർക്കാരിന്റെ കീഴിലുണ്ടായിരുന്ന നിർമ്മാണം മുടങ്ങിക്കിടന്ന റൈസ്മിൽ പ്രോജക്ട് ഓയിൽ പാം ഇൻഡ്യക്ക് കൈമാറുകയുണ്ടായി. ഇവിടെ ആധുനികരീതിയിലുള്ള ഒരു റൈസ് മിൽ നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം ഈ സർക്കാരിന്റെ അംഗീകാരത്തോടെ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാനാണുദ്ദേശിക്കുന്നത്.

2006-07 കാലയളവു മുതൽ കേന്ദ്ര ഗവൺമെന്റിന്റെ എണ്ണപ്പനകൃഷി വികസന പദ്ധതിയിൻകീഴിൽ വിവിധ ജില്ലകളിലായി ഏകദേശം 700 ഹെക്ടർ സ്ഥലത്തുകൂടി എണ്ണപ്പനകൃഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ :

പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനി നിലവിലുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം 2005-06-നെ അപേക്ഷിച്ച് ഈ വർഷത്തോടെ 100% കൂട്ടുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ പുതിയ ഉൽപ്പന്നമായ മിനി ട്രാക്ടർ നിർമ്മിക്കുന്നതിനുവേണ്ട നടപടികളുടെ ഉദ്ഘാടനം ജൂലൈ മാസം 27-ാം തീയതി ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. പ്ലാന്റ് നിർമ്മാണം ഏകദേശം 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. ട്രാക്ടറിന്റെ ഉൽപ്പാദനം 2011 മാർച്ച് മാസത്തോടെ ആരംഭിക്കാനാണ് നടപടികൾ എടുക്കുന്നത്.

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ :

മുഖ്യധന നിക്ഷേപ ഇനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നോർത്തു പറവൂർ വെയർഹൗസിൽ 850 ടൺ സംഭരണ ശേഷിയുള്ള ഗോഡൗൺ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ 2000 ടൺ സംഭരണശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണം അവിടെ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചു കിടന്നിരുന്ന ആറ്റത്തുരിലെയും തകഴിയിലേയും മോഡേൺറൈസ് മില്ലുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി എടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 250 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ ആറ്റത്തൂർ മോഡേൺ റൈസ് മിൽ 19-1-2010-ൽ പൂർണ്ണമായി പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന അരി അന്നം എന്ന പേരിൽ 5,10,25,50 കിലോ പ്ലാസ്റ്റിക് ബാഗുകളിലാക്കി വെയർഹൗസിംഗ് കോർപ്പറേഷന്റെ 20-ൽപ്പരം സെന്ററുകളിൽ കൂടി വിപണനം നടത്തുന്നതിനുള്ള നടപടി 19-3-2010 മുതൽ ആരംഭിച്ചു.

കേരള പ്ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ

120 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവൃത്തികളാണ് ഇപ്പോൾ കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കഴിഞ്ഞ നാല് വർഷങ്ങളിലായി കൃഷിയുടെ അടിസ്ഥാന വികസന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിൽ കെ.എൽ.ഡി.സി.-ക്ക് വൻ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

ടാപ്പ് ചെയ്യാത്ത മരങ്ങൾ ടാപ്പ് ചെയ്യുന്നതിനുവേണ്ടി ഡബിൾ ബ്ലോക് ടാപ്പിംഗ്, ഗ്രൂപ്പ് ടാപ്പിഗ് മുതലായവ നടപ്പിലാക്കി. 300 മരം വീതം വച്ച് റീബ്ലോക്കിംഗ് നടപ്പിലാക്കി. പട്ടമരപ്പുള്ള 12534 മരങ്ങളിൽ സി.യു. ടാപ്പിംഗ് നടപ്പിലാക്കി. എസ്റ്റേറ്റിലെ സ്ക്രാപ്പ്, തടി മുതലായവയുടെ വിൽപ്പന സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി 30 എം.റ്റി. ശേഷിയുള്ള ഒരു വെയിംഗ് ബ്രിഡ്ജ് രജിസ്റ്റേർഡ് ഓഫീസിൽ സ്ഥാപിച്ചു. മുള്ളുമല എസ്റ്റേറ്റിലും ചിതൽവെട്ടി എസ്റ്റേറ്റിലും അത്യുൽപ്പാദന ശേഷിയുള്ള റബ്ബർ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ സ്ഥാപിച്ചു. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശപ്രകാരം 90 ഹെക്ടർ സ്ഥലത്ത് അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ കാഷ്യൂ വികസന ഏജൻസിയുടെ ധനസഹായത്തോടുകൂടി ജൈവരീതിയിൽ കൃഷിചെയ്തു. അത്യാധുനിക രീതിയിലുള്ള എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ലാറ്റക്സ് സെൻട്രിഫ്യൂജിംഗ് ഫാക്ടറിയിൽ പ്രവർത്തനം ആരംഭിച്ചു. കാര്യക്ഷമതയില്ലാത്ത ടാപ്പർ മാർക്ക് റബ്ബർ ബോർഡിന്റെ സഹായത്തോടുകൂടി പരിശീലനം നൽകി.

ഹോർട്ടിക്കോർപ്പ് :

ഉൽസവകാലങ്ങളിൽ ജനശ്രദ്ധ പിടിച്ചുപറ്റുന്ന ഹെയറുകൾ സംഘടിപ്പിക്കാറുണ്ട്. വിലക്കയറ്റം അനുഭവപ്പെടുന്ന അവസരങ്ങളിൽ വിപണിയിൽ ഇടപെടുന്നത് കൂടാതെ കമ്പോള വിലയേക്കാൾ 10% മുതൽ 20% വരെ വില കുറച്ച് പച്ചക്കറി ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്നു. ഹോർട്ടികോർപ്പ് അതിന്റെ പ്രവർത്തനം കേരളത്തിൽ 11 ജില്ലകളിൽ വ്യാപിപ്പിച്ചിട്ടുണ്ട്. വിൽപ്പന കൂട്ടുകയും വിലവ് നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്.

കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ :

പുതിയ പദ്ധതികൾ ആവിഷ്കരിച്ചും വൈവിദ്ധ്യവൽക്കരണത്തിലൂടെയും മാറിനൃസംസ്കരണം, കാർഷിക-കാർഷികേതര വ്യവസായങ്ങൾക്കാവശ്യമായ അടിസഹാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം തുടങ്ങിയ പുതിയ പദ്ധതികൾവഴിയും പ്രവർത്തനം മെച്ചപ്പെടുത്തി. നെൽ കർഷകർക്ക് ആവശ്യാനുസരണം കൊയ്ത്തുമെതിയെന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. കേടായ യന്ത്രങ്ങൾ റിപ്പയർ ചെയ്ത് നൽകുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നു. വയനാട്ടിൽ ഒരു റൈറ്റ് സൈസ്ഡ് യൂണിറ്റ് തുടങ്ങുകയുണ്ടായി. തിരുവനന്തപുരത്ത് ആഗ്രോ സൂപ്പർ ബസാർ, തിരുവല്ലായിൽ ടെക്നോളജി സെന്റർ എന്നിവയും ആരംഭിക്കുകയുണ്ടായി.

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് :

പ്ലാന്റേഷൻ കോർപ്പറേഷൻ കൃഷി വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സഹാപനമാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിഷൻ 2012 എന്ന കർമ്മപരിപാടി 2007 മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരഫെഡും ഗണ്യമായ നഷ്ടത്തിൽനിന്നും നല്ല ലാഭത്തിലേക്കുയർന്നു.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 64 കോടി 79 ലക്ഷം രൂപ ലാഭമുണ്ടാക്കുകയുണ്ടായി. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly